**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341</u>** **<u>03-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ തസ്തികയില്‍ നിയമനം നടത്തുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ളതും 2025 വർഷത്തെ ആന്റിസിപ്പേറ്ററി ഒഴിവുകളും പി.എസ്.സി.യ്ക്ക് ജില്ലാടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | 2020-ല്‍ തയ്യാറാക്കിയ റാങ്ക് പട്ടിക വിപുലീകരിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തില്‍ റാങ്ക് പട്ടിക വിപുലീകരിക്കുന്നതിനും നിയമനം നല്‍കുന്നതിനും ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | SLP(C)Nos 10155-10156/2024 മേൽ 19/12/2024 തീയതിയിലെ ബഹു. സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികകൾ വിപുലീകരിക്കാനുള്ള നടപടികൾ കേരള പി.എസ്.സി സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ